# Life Sunday Material

-മനുഷ്യജീവന്റെ സംരക്ഷണത്തിനായി-

*"ഞാൻ വന്നിരിക്കുന്നത് അവർക്കു ജീവനുണ്ടാകുവാനും അതു സമൃദ്ധമായി ഉണ്ടാകുവാനുമാണ്." (യോഹന്നാൻ 10:10).*

---

"ദൈവമായ കർത്താവ് ഭൂമിയിലെ പൂഴികൊണ്ടു മനുഷ്യനെ രൂപപ്പെടുത്തുകയും ജീവന്റെ ശ്വാസം അവന്റെ നാസാരന്ധ്രങ്ങളിലേക്കു നിശ്വസിക്കുകയും ചെയ്തു. അങ്ങനെ മനുഷ്യൻ ജീവനുള്ളവനായിത്തീർന്നു" (ഉല്പത്തി 2:7). ദൈവം മനുഷ്യനെ തന്റെ തന്നെ ജീവനിൽ ഭാഗമാക്കിക്കൊണ്ട് മനുഷ്യനോടുള്ള ഗാഢബന്ധം സ്ഥാപിച്ചു.



ധ്യാനം : ജീവനെ അതിന്റെ വൈവിധ്യമർന്ന രൂപത്തിലും ഭാവത്തിലും നമുക്ക് തന്ന ദൈവത്തെ നമുക്ക് ഓർക്കാം. ആ ജീവൻ തന്നെയാണ് നമ്മിലുള്ളതെന്ന് ഓർമിക്കാം. സൃഷ്ടാവും ജീവദാതാവുമായ ആ ദൈവത്തിന് നമുക്ക് നന്ദി പറയാം. 1 സ്വർഗ.

"താൻ സൃഷ്ടിച്ചതെല്ലാം നന്നായിരിക്കുന്നു എന്ന് ദൈവം കണ്ടു" (ഉല്പത്തി 1:31). ദൈവത്തിന്റ സൃഷ്ടികളെല്ലാം നല്ലതും അവിടുത്തേയ്ക്കു പ്രിയപ്പെട്ടതുമാണ്. ജീവനെ അതിന്റെ എല്ലാ വൈവിദ്ധ്യത്തിലും അവിടുന്ന് സ്നേഹിക്കുന്നു. പരിപാലിക്കുന്നു.



ധ്യാനം : എല്ലാ ജീവിതങ്ങളെയും ഒരുപോലെ സ്നേഹിച്ച മദർ തെരെസയുടെ ജീവിതം നമുക്ക് ഓർക്കാം. ജീവനെ സ്നേഹിക്കാനുള്ള കൃപയ്ക്കായി നമുക്ക് പ്രാർത്ഥിക്കാം. 1 നന്മ നിറഞ്ഞ.

ജീവൻ, അതിന്റെ ഏതവസ്ഥയിലും തലങ്ങളിലും പ്രാധാന്യമുള്ളതാണെന്ന് "ജീവന്റെ സുവിശേഷം" എന്ന ചാക്രികലേഖനത്തിലെ പരി. പിതാവ് ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെ പ്രബോധനം നമ്മെ അനുസ്മരിപ്പിക്കുന്നു. ജീവനെ നശിപ്പിക്കാനോ തടയാനോ മനുഷ്യന് അവകാശമില്ല. ജീവൻ നൽകുവാനോ സൃഷ്ടിക്കുവാനോ ശാസ്ത്രത്തിനോ മനുഷ്യനോ കഴിയുന്നില്ല.

*ഫ്രാൻസിസ് മാർപാപ്പയുടെ Patris Corde (പിതാവിന്റെ ഹൃദയത്തോടെ) എന്ന അപ്പസ്തോലിക ലേഖനത്തിൽ നിന്നുമുള്ള താഴെക്കൊടുത്തിരിക്കുന്ന ഭാഗം പ്രാർത്ഥനാപൂർവം വായിച്ചു ധ്യാനിക്കാം:* (Patris Corde 5)

“യൗസേപ്പിതാവ് ഉൾപ്പെട്ടിട്ടുള്ള ഓരോ വിവരണത്തിന്റെയും അവസാനം ഇങ്ങനെ കാണുന്നു: ‘അവൻ എഴുന്നേറ്റ്, ശിശുവിനെയും അമ്മയെയുംകൂട്ടി, ദൈവം കൽപ്പിച്ചതു ചെയ്തു’(cf. മത്താ 1:24; 2: 14.21). തീർച്ചയായും, നമ്മുടെ വിശ്വാസത്തിന്റെ ഏറ്റവും വിലപ്പെട്ട നിധിയാണ് യേശുവും അമ്മയായ മറിയവും. [21]

രക്ഷയുടെ ദൈവീക പദ്ധതിയിൽ, പുത്രൻ തന്റെ മാതാവായ മറിയത്തിൽ നിന്നും വേർതിരിക്കാനാവാത്തവനാണ്. കാരണം മാതാവ് “അവളുടെ വിശ്വാസ തീർത്ഥാടനത്തിൽ മുന്നേറുകയും, കുരിശിൻ ചുവട്ടിൽ വരെ തന്റെ പുത്രനുമായുള്ള ഐക്യത്തിൽ വിശ്വസ്തതയോടെ തുടരുകയും ചെയ്തു.” [22]

നാം യേശുവിനെയും മാതാവിനെയും സംരക്ഷിക്കുന്നുണ്ടോ എന്ന് എല്ലായ്പ്പോഴും ചിന്തിക്കണം. കാരണം, അവരെ നമ്മുടെ സ്വന്തം ഉത്തരവാദിത്വം, പരിചരണം, സുരക്ഷ എന്നിവക്കായി വളരെ പവിത്രമായി ചുമതലപ്പെടുത്തിയിരിക്കുന്നു. സർവ്വശക്തന്റെ പുത്രൻ നമ്മുടെ ലോകത്തിലേക്ക് വന്നത് വളരെ ദുർബലമായ അവസ്ഥയിലാണ്. അവിടുത്തെ സംരക്ഷിക്കാനും പരിപാലിക്കാനും വളർത്തുവാനും യൗസേപ്പിതാവ് ആവശ്യമായിരുന്നു. ദൈവം മറിയത്തെപ്പോലെ തന്നെ ജോസഫിനെയും വിശ്വസിച്ചു. അവളുടെ ജീവൻ രക്ഷിക്കുവാൻ മാത്രമല്ല, അവളെയും അവളുടെ ശിശുവിനെയും എപ്പോഴും കരുതുന്ന ഒരാളായും ജോസഫിനെ ദൈവം കണ്ടു. ഈ അർത്ഥത്തിൽ, യൗസേപ്പിതാവിന് സഭയുടെ സംരക്ഷകനാകാതിരിക്കാൻ കഴിയില്ല, കാരണം ചരിത്രത്തിൽ ക്രിസ്തുവിന്റെ ശരീരത്തിന്റെ തുടർച്ചയാണ് സഭ. അതോടൊപ്പം, മറിയത്തിന്റെ മാതൃത്വം സഭയുടെ മാതൃത്വത്തിൽ പ്രതിഫലിക്കുന്നു. സഭയെ തുടർച്ചയായി സംരക്ഷക്കുന്നതിലൂടെ, യൗസേപ്പിതാവ് ശിശുവിനെയും അമ്മയേയും സംരക്ഷിക്കുന്നത് തുടരുന്നു. നാമും സഭയെ സ്നേഹിക്കുന്നതിലൂടെ ശിശുവിനെയും അമ്മയേയും സ്നേഹിക്കുന്നത് തുടരുകയാണ്.




ആ ശിശു (യേശു) തുടർന്നും ഇപ്രകാരം പറയും: “സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്റെ ഏറ്റവും എളിയ ഈ സഹോദരൻമാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണു ചെയ്തുതന്നത്” (മത്താ 25:40). തന്മൂലം, ദരിദ്രർ, കഷ്ടപ്പെടുന്നവർ അല്ലെങ്കിൽ മരിക്കുന്ന ഓരോ വ്യക്തി, അപരിചിതൻ, തടവുകാർ തുടങ്ങി എല്ലാ ബലഹീന വ്യക്തികളും യൗസേപ്പിതാവ് തുടർന്നും സംരക്ഷിക്കുന്ന “ശിശു” ആണ്. ഇക്കാരണത്താൽ, നിർഭാഗ്യവാൻ, ദരിദ്രർ, പ്രവാസികൾ, ദുരിതമനുഭവിക്കുന്നവർ, ദരിദ്രർ, മരിക്കുന്നവർ എന്നിവരുടെ സംരക്ഷകനായി യൗസേപ്പിതാവിനെ വണങ്ങുന്നു. തന്മൂലം, നമ്മുടെ ഏറ്റവും എളിയ സഹോദരങ്ങളോട് പ്രത്യേക സ്നേഹം പ്രകടിപ്പിക്കുന്നതിൽ സഭയ്ക്ക് മാറിനിൽക്കാൻ കഴിയില്ല, കാരണം യേശു അവരോട് ഒരു

പ്രത്യേക താത്പര്യം കാണിക്കുകയും അവരുമായി താദാത്മ്യപ്പെടുകയും ചെയ്തു. യൗസേപ്പിതാവിൽ നിന്ന്, അതേ കരുതലും ഉത്തരവാദിത്തവും നാം പഠിക്കണം. ശിശുവിനെയും അമ്മയേയും സ്നേഹിക്കാൻ നമ്മൾ പഠിക്കണം. കൂദാശകളെയും ദാനധർമ്മങ്ങളെയും സ്നേഹിക്കുക, സഭയെയും ദരിദ്രരെയും സ്നേഹിക്കുക. ഈ യാഥാർത്ഥ്യങ്ങളിൽ ഓരോന്നും എല്ലായ്പ്പോഴും ശിശുവും അവന്റെ അമ്മയുമാണ്."

ജീവന്റെ മഹത്വവും സംരക്ഷണവും ഓർമിപ്പിക്കുന്ന ഈ 'Life Sunday' യിൽ നമുക്കും പങ്കാളികളാകാം. ജീവനെ നിഷേധിക്കുന്ന ലോകത്തിന്റെ നിലപാടുകൾക്കെതിരായി പുണ്യപ്രവർത്തികൾ നമുക്ക് സമർപ്പിക്കാം.



**പ്രവർത്തി :**

- വൃദ്ധരെ സന്ദർശിക്കുക.
- ദാനധർമം ചെയുക.
- ഉപവാസം ചെയുക.
- രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കുക.
- ദൈവിക ദാനമായ ജീവൻ സംരക്ഷിക്കപെടുവാൻ ഒരു ദിവ്യബലിയിൽ പങ്കുചേർന്നു പ്രാർത്ഥിക്കുക

നമുക്ക് യൗസേപ്പിതാവിനോട് പ്രാർത്ഥിക്കാം:

രക്ഷകന്റെ കാവൽക്കാരനും
വാഴ്ത്തപ്പെട്ട കന്യാമറിയത്തിന്റെ
പങ്കാളിയുമായ യൗസേപ്പിതാവേ, സ്വസ്തി!
ദൈവം തന്റെ ഏകപുത്രനെ അങ്ങയെ ഭരമേല്പിച്ചുവല്ലോ;
മറിയം അങ്ങയിൽ ആശ്രയിച്ചു;
അങ്ങയോടൊപ്പം ക്രിസ്തു മനുഷ്യനായിത്തീർന്നു.

വാഴ്ത്തപ്പെട്ട യൗസേപ്പിതാവേ,
ജീവിതപാതയിൽ ഞങ്ങളെ നയിച്ചുകൊണ്ട്
ഞങ്ങൾക്കും അങ്ങ് ഒരു പിതാവായിരിക്കണമേ.
കൃപയും, കരുണയും, ആത്മധൈര്യവും
ഞങ്ങൾക്ക് നേടിത്തരേണമേ.
എല്ലാ തിന്മകളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളേണമേ. ആമ്മേൻ.
(Patris Corde)